കുടിവെള്ള വില്പന മാഫിയ

200 (901) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വില്പന മാഫിയക്ക് സഹായകമായി വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ പല സ്ഥലങ്ങളിൽ പൈപ്പിലൂടെയുള്ള ശുദ്ധജല വിതരണം ദിവസങ്ങളോളം മുടക്കുന്നതായ ആവലാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ജനങ്ങൾക്ക് മുടക്കമില്ലാതെ ശുദ്ധജല വിതരണം നടത്തുന്നതിന് ആവശ്യമായ കർശന നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജനങ്ങൾക്ക് മുടക്കമില്ലാതെ ശുദ്ധജലവിതരണം നടത്തുന്നതിനു വേണ്ടി വിതരണ ശൃംഖലയിലെ അറ്റകുറ്റപ്പണികൾ ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ പരിഹരിക്കുകയും ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും ചെയ്യാറുണ്ട്. സ്രോതസ്സ് മുതൽ വിതരണം വരെയുള്ള എല്ലാ സംവിധാനങ്ങളും നിരന്തരം നിരീക്ഷിക്കുകയും ഇത് തടസ്സമില്ലാതെ പ്രവർത്തനക്ഷമമാക്കുന്നതിന് യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുന്നു. പ്രധാനപ്പെട്ട സ്കീമുകളിൽ പ്രിവന്റീവ് മെയിന്റനൻസും നടത്തിവരുന്നു.

കുടിവെള്ള കണക്ഷൻ

201 (902) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പൈപ്പ് കണക്ഷന് അപേക്ഷ നൽകുന്ന സാധാരണക്കാരന് വാട്ടർ അതോറിറ്റിയുടെ ഉദ്യോഗസ്ഥരിൽനിന്നും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് പറയാമോ;

(ബി) ഒരു പ്രദേശത്ത് ഒന്നോ രണ്ടോ വ്യക്തികൾക്ക് മാത്രമായി കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിന് കൂടുതൽ പണം അടയ്ക്കണമെന്ന ഉത്തരവ് നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(സി) റോഡിന്റെ ഒരു വശത്തുകൂടി പോകുന്ന പൈപ്പ് ലൈൻ റോഡ് ക്രോസ്സ് ചെയ്ത് മറുവശത്തുള്ളവർക്ക് കുടിവെള്ള കണക്ഷൻ നൽകാൻ കഴിയില്ലെന്നും അവരവരുടെ അങ്ങനെ വേണമെങ്കിൽ പൊതുമരാമത്തിന്റെ അനുമതി കക്ഷികൾ വാങ്ങി നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; ഇതിന്റെ പ്രായോഗിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly